## ശ്രദ്ധക്ഷണിക്കൽ

### ജൈവകൃഷി പ്രോത്സാഹനം

ശ്രീ. പാലോട് രവി: സർ, ജൈവകൃഷിയിലേയ്ക്ക് തിരിയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ലോകം മുഴുവൻ, ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള വിവിധ അഗ്രിഫുഡ് ഏജൻസികൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഈ ആവശ്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഞാൻ സഭയുടെ മുമ്പിൽ വയ്ക്കുകയാണ്. ആദ്യമായി കേരള ഗവൺമെന്റിനെയും കൃഷി വകുപ്പുമന്ത്രിയെയും അദ്ദേഹത്തിന്റെ വകുപ്പിനെയും ഞാൻ അഭിനന്ദിക്കുകയാണ്. 2012 മുതൽ കൃഷി വകുപ്പ് ഒരു കാലഘട്ടത്തിലും ഉണ്ടാകാത്തതുപോലെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള നിരവധി പ്രായോഗികമായ നടപടികൾ മന്ത്രിതലത്തിലും വകുപ്പുതലത്തിലും മുഖ്യമന്ത്രി തലത്തിലും സ്വീകരിച്ചു. 2012 മുതൽ ആരംഭിച്ച് വ്യാപിച്ചുകൊണ്ടിരിക്കുന്ന നിരവധി പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി വന്നുകൊണ്ടിരിക്കുകയാണ്. 2010 ജൂൺ 21, 22 തീയതികളിൽ ബ്രസൽസിൽ കൂടിയ അന്തർദേശീയ വിദഗ്ദ്ധരുടെ ആഗ്രോ-ഇക്കോളജി സെമിനാറിൽ അഗ്രിഫുഡ് കമ്പനികൾ 1990 കളിൽ കൃഷിയിൽ ഏതാണ്ട് ഫോറിൻ

ഡെവലപ്മെന്റ് ശരാശരി ഓരോ വർഷവും 600 മില്യൺ യു.എസ്. ഡോളറായിരുന്നുവെങ്കിൽ 2012 ആയപ്പോൾ 4 ബില്യൺ ഡോളറായി കമ്പനികൾ ഇൻവെസ്റ്റുമെന്റ് കൂട്ടിയിരിക്കുന്നുവെന്നുള്ളതാണ്. പട്ടിണിക്കെതിരായി ദാരിദ്ര്യത്തിനെതിരായി ലോകം മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിക്കുന്ന എന്നുള്ളതിന്റെ ഏറ്റവും ദൃഷ്ടാന്തമാണ് 'Right to food' എന്നുള്ള ആവശ്യം. ഇത് ലോകവ്യാപകമായി വളർന്നുവന്നുകൊണ്ടിരിക്കുന്നത്. അതിനനുസരണമായി Food production, അഗ്രികൾച്ചറൽ പ്രൊഡക്ടിവിക്ടി കാർഷികമേഖലയിലെ ഉത്പാദനക്ഷമതയെ ആശ്രയിച്ചാണ് ഇന്നും സ്ഥിതി ചെയ്യുന്നത്. അഗ്രികൾച്ചറൽ-ഇൻഡസ്ട്രിയൽ അഗ്രികൾച്ചറൽ ആക്കുന്നതിനും അഗ്രി ഇക്കോണമിയാക്കുന്നതിനുമുള്ള ശ്രമങ്ങൾ നമ്മുടെ രാജ്യത്തിന്റെ പല മേഖലകളിലും ലോകത്ത് നടക്കുന്ന വിവിധ വിദഗ്ധ കോൺഫറൻസുകളിൽ തീരുമാനമായിട്ടുണ്ടെങ്കിലും പ്രായോഗിക തലത്തിലേയ്ക്കുവരുമ്പോൾ വളരെ ബുദ്ധിമുട്ട് ഉണ്ടായികൊണ്ടിരിക്കുകയാണ്. നമ്മുടെ ബയോഡൈവേഴ്സിറ്റി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. Unsustainable ആയിട്ടുള്ള ജലം നമുക്ക് സുരക്ഷിതമായി നിലനിർത്താൻ കഴിയുന്നില്ല. മണ്ണിന്റെയും ജലത്തിന്റെയും പൊല്യൂഷൻ ഈ മേഖലയിൽ നിലനിൽക്കുന്നുണ്ട്. നമ്മൾ ജൈവ കൃഷിയിലേയ്ക്ക് പോകുമ്പോൾ

നിരവധി മേഖലകളിൽ ഒരു സംസ്ഥാനത്തിന്റെ ആരോഗ്യം പിടിച്ചുനിർത്താൻ കഴിയുന്ന തരത്തിൽ, വരുന്ന തലമുറയുടെ ആരോഗ്യം നിലനിർത്തുക തരത്തിൽ രാജ്യത്തിനകത്തും പുറത്തുമായി നിരവധി പ്രവർത്തനങ്ങളാണ് ഇതിൽ നടന്നുകൊണ്ടിരിക്കുന്നത്. എനിക്ക് 'World Health Organisation' ന്റെ ഒരു കണക്കുമാത്രമാണ് അങ്ങയുടെ മുമ്പിൽ വയ്ക്കാനുള്ളത്. നമ്മുടെ രാജ്യത്ത് highly hazardous pesticides - 109, അതുപോലെ തന്നെ pesticide causing endocrine-disrupting effect -81, pesticide with carcinogenicity - 56, immunomic pesticide - 38 തുടങ്ങിയവ ഇന്ത്യയിൽ അനുവദിക്കപ്പെട്ടിട്ടുള്ള പെസ്റ്റിസൈഡുകളാണ്. ഈ പെസ്റ്റിസൈഡുകളാണ് കാർഷികമേഖലയിലേയ്ക്ക് കടന്നുവന്നുകൊണ്ടിരിക്കുന്നത്. 'Toxicological details of 67 pesticides banned or restricted in other countries and used in India' എന്ന ഒരു ടേബിൾ അടുത്തകാലത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ഏതാണ്ട് endocrine disrupts-28, reproductive toxins- 10, neurotop pesticides- 14 തുടങ്ങിയ നിരോധിക്കപ്പെട്ട പെസ്റ്റിസൈഡ്സ് പോലും നമ്മുടെ രാജ്യത്ത്, കാർഷിക മേഖലയിലും ഭക്ഷ്യ മേഖലയിലും ഉപയോഗിക്കുന്നുവെന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ്. വിനാശകരമായ കീടനാശിനികൾ നമ്മുടെ രാജ്യത്തേയ്ക്ക്

കടന്നുവന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ നമ്മുടെ സംസ്ഥാനത്ത് ഈ കാർഷിക മേഖലയിലേയ്ക്ക് 2012-ൽ കൃഷി വകുപ്പ് ആരംഭിച്ചിരിക്കുന്ന ജൈവകൃഷി മേഖല അത് എങ്ങനെ സമ്പന്നമാക്കാമെന്നതിനെ സംബന്ധിച്ച് ശക്തമായ നടപടികൾ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അപ്പുറത്തും ഇപ്പുറത്തുമുള്ളവർ ഒരുമിച്ചിരുന്നുകൊണ്ട് വരുംകാലഘട്ടങ്ങളിൽ ജൈവകൃഷിയല്ലാതെ വിനാശകരമായ ഈ വിഷത്തെ തടഞ്ഞുനിർത്താൻ ലോകവ്യാപകമായി ഉണ്ടായികൊണ്ടിരിക്കുന്ന അപകടത്തെ തടയാൻ മറ്റ് യാതൊരു മാർഗ്ഗവുമില്ലാത്ത ഈ സാഹചര്യത്തിൽ ഈ സഭയുടെ ഏകകണ്ഠമായ ശ്രദ്ധ ജൈവകൃഷി മേഖലയിലേയ്ക്ക് തിരിയുന്നതിന് ആവശ്യമായ പ്രായോഗിക നടപടികൾക്ക് ഒരു പ്രയോറിറ്റി നൽകി നടപ്പിലാക്കാൻ സഭ ശ്രദ്ധിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ)</u>: സർ, നമ്മുടെ സംസ്ഥാനത്തെയും ലോകരാശിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരാവശ്യമാണ് ബഹുമാനപ്പെട്ട പാലോട് രവി എം.എൽ.എ. ശ്രദ്ധക്ഷണിക്കൽ ഇവിടെ അവതരിപ്പിച്ചത്. 2012 ഫെബ്രുവരിയിൽ കൃഷി വകുപ്പിന്റെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി

നയം പ്രഖ്യാപിച്ചിരുന്നു. ഘട്ടംഘട്ടമായി കേരളം സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ ഈ നയത്തിൽ ലക്ഷ്യമിട്ടിരുന്നു. 2010-11-ൽ ജൈവ കൃഷി പദ്ധതി പ്രകാരം 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 20 ബ്ലോക്കുകളിൽ ആകെ 900 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി ആരംഭിച്ചുവെങ്കിൽ 2011-12 ൽ 3500 ഹെക്ടറിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു. ജൈവകൃഷി നയത്തിന്റെ ഭാഗമായി ചുവപ്പ്, മഞ്ഞ എന്നീ നിറങ്ങളിൽ ലേബൽ ചെയ്യപ്പെട്ട മാരകമായ കീടനാശിനികൾ കാസർഗോഡ് ജില്ലയിൽ നിരോധിച്ചു. 2012-ൽ എൻഡോസൾഫാൻ ജില്ലയായ കാസർഗോഡിനെ ജൈവജില്ലയായി പ്രഖ്യാപിക്കുകയും ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 28 പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് ജൈവകൃഷി വ്യാപനത്തിനായി വിവിധ ഘട്ടങ്ങൾ നടപ്പിലാക്കുകയും ചെയ്തു. ജൈവകൃഷിയെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിന് പഞ്ചായത്ത്-ബ്ലോക്ക്-ജില്ലാതലത്തിൽ പരിശീലനങ്ങളും പരിപാടികളും സംഘടിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ കർഷകരെ പച്ചക്കറി, വാഴ എന്നിവയുടെ ജൈവകൃഷി രീതികൾ അവലംബിക്കാൻ പ്രോത്സാഹനം നൽകി. 2013-14-ൽ കാസർഗോഡ് ജില്ലയിലെ 41 പഞ്ചായത്തുകളിൽ ജൈവകൃഷി വ്യാപിപ്പിച്ചു. 12000-ത്തോളം റൂറൽ കമ്പോസ്റ്റും 423 വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയും 257 ക്ലസ്റ്ററുകൾ

രൂപീകരിച്ചുകൊണ്ട് ജൈവകൃഷി പ്രവർത്തനം വ്യാപിപ്പിക്കുയും ചെയ്തു. ജൈവ ഉത്പന്നങ്ങളുടെ വിപണനത്തിനായി അഞ്ച് ഇക്കോ ഷോപ്പുകളും ജൈവകൃഷിയുടെ പരിശീലനത്തിനായി ഓർഗാനിക്ക് ഫാം സ്കൂളുകളും സ്ഥാപിച്ചു. 2014-15 -ൽ ജൈവകൃഷി ക്ലസ്റ്റർ സമീപനം വിപുലമാക്കി കാസർഗോഡ് ജില്ലയിൽ ജൈവകൃഷി പുന:ആരംഭിച്ചിരിക്കുകയാണ്. സമ്പൂർണ്ണ ജൈവകാർഷിക സംസ്ഥാനത്തിനുള്ള പ്രായോഗിക വശങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്ത യോഗത്തിൽ നഗരവികസന വകുപ്പുമന്ത്രി, പഞ്ചായത്തും സാമൂഹ്യനീതി വകുപ്പ് മന്ത്രി, കാർഷികോത്പാദന കമ്മീഷണർ, തദ്ദേശസ്വയംഭരണ സെക്രട്ടറി, ഡയറക്ടർമാർ, പഞ്ചായത്ത് ഡയറക്ടർ, മണ്ണുസംരക്ഷണ ഡയറക്ടർ, ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ യോഗം കൂടുകയുണ്ടായി. സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള കർമ്മ പദ്ധതികൾ ചർച്ച ചെയ്യുന്നതിന് മേഖലാ യോഗങ്ങൾ വിളിച്ചുചേർക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ-ബ്ലോക്ക്-പഞ്ചായത്ത് പ്രസിഡന്റുമാർ, കോർപ്പറേഷൻ മേയർ, മുനിസിപ്പാലിറ്റി ചെയർമാന്മാർ, നഗരവികസനം, പഞ്ചായത്ത്, കൃഷി,

മൃഗസംരക്ഷണം, ഗ്രാമവികസനം എന്നീ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സംയുക്ത യോഗം കണ്ണൂർ കൂത്തുപറമ്പ് നിർമ്മലേരി റാണിജയ് ഹയർ സെക്കന്ററി സ്കൂളിൽ വിളിച്ചുചേർത്തു. 2014 നവംബർ മാസത്തിൽ കേരളത്തിലെ നിയമസഭാ സാമാജികരെ ഉൾപ്പെടുത്തി നിയമസഭാ സമുച്ചയത്തിൽവച്ച് സമ്പൂർണ്ണ ജൈവകൃഷി വ്യാപനത്തെക്കുറിച്ച് ഒരു യോഗം നടത്തുകയുണ്ടായി. ജൈവകൃഷി വ്യാപനത്തെക്കുറിച്ച് പവർ പോയിന്റ് പ്രസന്റേഷൻ അവതരിപ്പിച്ചത് പ്ലസ് ടു വിദ്യാർത്ഥിയായ മാസ്റ്റർ സൂരജ് ആയിരുന്നു. യുവ അംബാസിഡറായി സൂരജിനെ പ്രഖ്യാപിക്കുകയും ചെയ്തു. 2016-ഓടെ കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റാനാണ് സർക്കാർ ആലോചിക്കുന്നത്. ജനപ്രതിനിധികളെയും കർഷകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ ക്യാമ്പയിനുകൾ, എം.എൽ.എ. മാരുടെ അദ്ധ്യക്ഷതയിൽ 140 നിയോജക മണ്ഡലങ്ങളിലും അനുയോജ്യമായ പ്രോജക്ടുകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് തയ്യാറാക്കി പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അങ്ങനെ നടക്കുമ്പോൾ സംസ്ഥാനത്തെ ഏറ്റവും മികച്ച ജൈവ മണ്ഡലത്തിന് പത്ത് ലക്ഷം രൂപയും രണ്ടാമത്തേതിന് അഞ്ച് ലക്ഷം രൂപയും മൂന്നാമത്തേതിന് മൂന്ന് ലക്ഷം രൂപയും

അവാർഡ് കൊടുക്കുകയും പഞ്ചായത്തുകൾക്ക് യഥാക്രമം മൂന്ന് ലക്ഷം രൂപ, രണ്ട് ലക്ഷം രൂപ, ഒരു ലക്ഷം രൂപ എന്നിങ്ങനെ അവാർഡുകൾ നൽകാനും തീരുമാനിച്ചിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിലുള്ള ക്ലസ്റ്റർ അധിഷ്ഠിത കൃഷിയിൽ ജൈവരീതിയിൽ കൃഷി ചെയ്യാൻ കർഷകർക്ക് പ്രേരണ നൽകുന്നതിനായി ബ്ലോക്ക് തലത്തിലുള്ള ക്ലസ്റ്ററുകളെ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷൻ എന്ന ഘടകത്തിൽ ബയോഫാർമസി തുടങ്ങുന്നതിന് 1,50,000/- രൂപ സഹായം നൽകിവരുന്നു. ബയോ കൺട്രോൾ ഏജന്റ്, ബയോ ഫെർട്ടിലൈസർ, Pheromone Trap തുടങ്ങിയ ജൈവരീതിയിലുള്ള സാമഗ്രികൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ 'എ' ഗ്രേഡ് ക്ലസ്റ്ററുകളും ജൈവകൃഷി വ്യാപനത്തിനുള്ള ഉൽപാദനങ്ങളിൽ സഹായിക്കുന്നുണ്ട്. കേരളത്തിലെ 3825 വിദ്യാലയങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് കൃഷിവകുപ്പ് സൗജന്യമായി നൽകിയിട്ടുണ്ട്. കേരളത്തെ സമ്പൂർണ്ണ ജൈവകാർഷിക സംസ്ഥാനമാക്കുന്നതിനുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാൻ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കൃഷി ഓഫീസർ കൺവീനറും, വാർഡ് മെമ്പർ, കാർഷിക വികസന സമിതി അംഗങ്ങൾ, കുടുംബശ്രീ തുടങ്ങിയ സ്വയം

സഹായ സംഘങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവർ അംഗങ്ങളായും 'ജൈവപച്ചക്കറി ജൈവകാർഷിക ഗ്രാമസഭകൾ' എന്ന കൂട്ടായ്മ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഓരോ വീടും ജൈവപച്ചക്കറി ഉല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കണമെന്നതാണ് ലക്ഷ്യമിടുന്നത്. ജൈവകൃഷിക്കുള്ള ഉല്പാദനോപാധികളായ ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ, ബയോ കൺട്രോൾ ഏജന്റ് എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള ചുമതല കൃഷിവകുപ്പിന്റെ വിവിധ പരിശോധനാ ലാബുകളെ ഏൽപ്പിക്കുന്നതാണ്. കൃഷിവകുപ്പിലെ മണ്ണ് പരിശോധനാ ലാബുകൾ, ജീവാണുവള ലാബുകൾ എന്നിവ ശക്തിപ്പെടുത്തുന്നതിലൂടെ ഇവയുടെ ഗുണനിലവാരം ഉറപ്പാക്കാനും സാധിക്കും.

<u>ശ്രീ. പാലോട് രവി</u>: സർ, സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം വളരെ അപര്യാപ്തമാണ്. ലോകവ്യാപകമായി വളരെ വിനാശകരമായ ദുരന്തം വിതച്ചുകൊണ്ടിരിക്കുന്ന കീടനാശിനികളിൽനിന്ന് രാജ്യത്തെ രക്ഷിക്കാൻ, തലമുറയെ രക്ഷിക്കാൻവേണ്ടി ജൈവകൃഷി ഒരു നയമായി പ്രഖ്യാപിച്ചുകൊണ്ട് സംസ്ഥാന വ്യാപകമായി ഇതിന്റെ പ്രവർത്തനങ്ങൾ

നടന്നുകൊണ്ടിരിക്കുകയാണ്. അതിന് ബഡ്ജറ്റ് വിഹിതം വളരെ കുറവാണ്. ജൈവകൃഷി മേഖലയിൽ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ വകുപ്പുമന്ത്രി അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, 10.02.2012-ലാണ് ജൈവ കാർഷിക നയം പ്രഖ്യാപിച്ചത്. അതിലൂടെ പ്രവർത്തനങ്ങളൊക്കെ നടന്നുവരികയാണ്. അതോടൊപ്പം കൂടുതൽ ജൈവവളം ലഭിക്കാൻവേണ്ടി പശു പരിപാലനം കൂടുതലാക്കാൻ ഗോവർദ്ധിനി പദ്ധതിക്കുകൂടി രൂപം കൊടുത്തു.

മി. ചെയർമാൻ: കൂടുതൽ ബഡ്ജറ്ററി പ്രൊവിഷൻ വേണമെന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടത്.

ശ്രീ. കെ. പി. മോഹനൻ: അതിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രി വളരെ ഉദാരമായി അതിനുവേണ്ടി ഇടപെടാമെന്ന് പറഞ്ഞിട്ടുമുണ്ട്.

## (2) ശുചീകരണ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം

ശ്രീ. ജെയിംസ് മാത്യു: സർ, സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിലും അറുപതോളം മുനിസിപ്പാലിറ്റികളിലുമായി 4850

സ്ഥിരം ശുചീകരണ തൊഴിലാളികളും 1860-ഓളം താല്ക്കാലിക തൊഴിലാളികളും നിലവിൽ ജോലിചെയ്തുവരികയാണ്. ഇവർ പാർട്ട് ടൈം ജീവനക്കാരാണെന്ന തെറ്റിദ്ധാരണമൂലം പതിറ്റാണ്ടുകളായി ഇവരുടെ ശമ്പളത്തിൽ വലിയ കുറവാണ് വന്നുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ ഇവർ പാർട്ട് ടൈം ജീവനക്കാരല്ല. 1998 മുതൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ പാർട്ട് ടൈം എന്നൊരു തസ്തികയില്ല. എന്നാൽ ഓരോ തവണയും ശമ്പള പരിഷ്കരണ കമ്മീഷൻ നിർദ്ദേശിക്കുന്ന പുതിയ ശമ്പള പരിഷ്കരണം സർക്കാർ നടപ്പിലാക്കുമ്പോൾ ആ ശമ്പള പരിഷ്കരണ കമ്മീഷന്റെ ഭാഗമായിട്ടുള്ള റിപ്പോർട്ടിലോ കമ്മീഷന്റെ നിർദ്ദേശങ്ങളിലോ ഇവരുടെ കാര്യം ഉൾപ്പെടുത്താറില്ല. പിന്നീട് ഗവൺമെന്റ് ഒരു കമ്മിറ്റി രൂപീകരിച്ച് ഇവരുടെ കാര്യം പ്രത്യേകം പരിഗണിക്കുകയാണ് ചെയ്യുന്നത്. രാവിലെ മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ഈ ശുചീകരണ തൊഴിലാളികൾ ജോലി ചെയ്യുന്നതുകൊണ്ട് അവർ പാർട്ട് ടൈം ജീവനക്കാരാണെന്ന തെറ്റിദ്ധാരണ വച്ച് അവരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച്, ആ കമ്മിറ്റിക്ക് നേതൃത്വം കൊടുക്കുന്ന ഉന്നതന്മാരായ ഉദ്യോഗസ്ഥന്മാർ തെറ്റായ ഒരു രീതിയാണ് അവലംബിച്ചുപോരുന്നത്. നമ്മുടെ ശമ്പള പരിഷ്കരണ കമ്മീഷന്റെ ഒന്നു മുതൽ ഇരുപത്തിയേഴ് വരെയുള്ള

സ്കെയിലുകളിൽ രണ്ട് മുതൽ ഏഴ് വരെയുള്ള അഞ്ച് സ്കെയിലാണ് ഇവർക്ക് ബാധകമാക്കുന്നത്. എന്നാൽ ഈ അഞ്ച് സ്കെയിലുകളിൽ അതിന്റെ ദൈർഘ്യം 8 വർഷം, 15 വർഷം, 21 വർഷം എന്നിങ്ങനെ സർവ്വീസുള്ള ആളുകൾക്ക് ഗ്രേഡ് വ്യത്യാസം വരുന്നതിനുവേണ്ടി സ്റ്റേജ് നിർണ്ണയിച്ചപ്പോൾ ഇവർ പാർട്ട് ടൈം ജീവനക്കാരാണെന്ന തെറ്റിദ്ധാരണമൂലം ആ സ്റ്റേജ് വെട്ടിക്കുറച്ചാണ് ഇവർക്ക് ബാധകമാക്കിയത്. കേരളത്തിൽ അദ്ധ്യാപകരും സർക്കാർ ജീവനക്കാരുമായിട്ടുള്ള ലക്ഷോപലക്ഷം ആളുകളുണ്ട്. അതിൽ ഏതെങ്കിലുമൊരു വിഭാഗത്തിനാണ് ഇങ്ങനെയൊരു അനോമലി ഉണ്ടായതെങ്കിൽ അതിനുമേൽ എന്തെല്ലാം പ്രശ്നങ്ങളാണ് ഉണ്ടാകുമായിരുന്നത്. എത്ര വേഗത്തിൽ അത് പരിഹരിക്കപ്പെടുമായിരുന്നു. പതിറ്റാണ്ടുകളായി അവർക്ക് അർഹതപ്പെട്ട സ്കെയിൽ ലഭിക്കുന്നില്ലെന്ന തിരിച്ചറിവുപോലുമില്ലാത്ത ഒരു വിഭാഗം തൊഴിലാളികളാണ് അവരെന്ന് സർക്കാർ ഓർമ്മിക്കണം. ഈ ശമ്പള പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശം വരുന്നതിനുമുമ്പ് ഈ തൊഴിലാളികളുടെ സംഘടന ഇക്കാര്യം ചൂണ്ടിക്കാണിച്ച് ഗവൺമെന്റിന് നിവേദനം കൊടുത്തു. ബന്ധപ്പെട്ട വകുപ്പുമന്ത്രി ഒരു യോഗം വിളിച്ചുചേർത്തു. അദ്ദേഹം താല്പര്യപൂർവ്വം പരിഗണിക്കുകയും ചെയ്തു. ശമ്പള പരിഷ്കരണ

കമ്മീഷനുമുമ്പാകെ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ Terms of reference - ൽ ഇല്ലെന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശമ്പള പരിഷ്കരണ കമ്മീഷന് നൽകുന്ന Terms of reference- ൽ ഇതുംകൂടി ഉൾപ്പെടുത്താൻ സമ്മർദ്ദം ചെലുത്താനുമാണ് കമ്മീഷൻ പറഞ്ഞത്. ആ സമ്മർദ്ദവും ഞങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായി. ദൗർഭാഗ്യവശാൽ അത്തരമൊരു നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇതുവരെ പോയതായി കാണുന്നില്ല. അത് പോകണമെന്നാണ് പറയുന്നത്. ആരാണ് ഈ തൊഴിലാളികൾ. കണ്ടാലറയ്ക്കുന്ന ചീഞ്ഞ് നാറി പുഴു അരിക്കുന്ന സാധനങ്ങൾ റോഡരികത്ത് കണ്ടാൽ മുഖം തിരിച്ച് പോകുന്നവരും മൂക്ക് പൊത്തുന്നവരും ഒരു നേരമെങ്കിലും ഇത് കണ്ടാൽ അന്നത്തെ ഭക്ഷണം കഴിക്കുമ്പോൾ ഓക്കാനം വരുന്നവരുമാണ് നമ്മൾ. ആ തൊഴിലാളികൾ ദിവസവും രാവിലെ ഏഴ് മണി മുതൽ കേരളത്തിലെ മുഴുവൻ നഗരത്തിലും ചീഞ്ഞ് നാറി പുഴു അരിക്കുന്ന സാധങ്ങളെല്ലാം മാറ്റുന്നവരാണ്. അവർക്ക് കയ്യിലിടാൻ ഗ്ലൗസോ കാലിൽ ധരിക്കാൻ ഗംബൂട്ടോ മാസ്കോ കൈ കഴുകാൻ ആന്റി സെപ്റ്റിക് ലോഷനോ സോപ്പോ ഇല്ല. ഇതൊക്കെ കൊടുക്കാൻ വ്യവസ്ഥയുണ്ടെങ്കിലും പല മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അത് പാലിക്കുന്നില്ല. ദയവുചെയ്ത്

ഈ തൊഴിലാളികൾക്ക് അർഹമായ കാര്യങ്ങൾ കൊടുക്കാൻ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ശക്തമായ നിർദ്ദേശം കൊടുക്കണം. ബ്രിട്ടീഷുകാരുടെ ഭരണകാലത്തേതുപോലെ ഹാജർ വിളിക്കുകയാണ്. അറ്റന്റൻസ് ബുക്കിൽ ഒപ്പിടാനുള്ള സംവിധാനമില്ല. പെൻഷനാകുന്ന സമയത്ത് അവരുടെ സർവ്വീസ് കാൽക്കുലേറ്റ് ചെയ്യാൻപോലുമുള്ള സ്ഥിതിയില്ല. പലർക്കും പെൻഷൻ ലഭിക്കുന്നില്ല. അകാലത്തിൽ രോഗം ബാധിച്ച് മരിക്കുന്നു. അയ്യായിരത്തോളം വരുന്ന ഈ തൊഴിലാളികളെ സഹായിക്കാൻ അവരുടെ ശമ്പളം സർക്കാർ നേരിട്ട് കൊടുക്കാൻ തയ്യാറാകണം. അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ദയവുചെയ്ത് ഗവൺമെന്റ് മുൻകൈ എടുക്കണം. ബഹുമാന്യനായ മന്ത്രി അക്കാര്യത്തിൽ താല്പര്യമെടുത്തിട്ടുണ്ട്. പക്ഷേ നടപടിയുണ്ടാകുന്നില്ല. ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ ആദ്യഘട്ട ശിപാർശയിലാണ് അവർ നിവേദനം നൽകിയത്. അവസാന ഘട്ട ശിപാർശ നൽകുന്നതിന് മുമ്പായിട്ടെങ്കിലും ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ പരിഗണനയിൽ വരത്തക്കവണ്ണം കേരളത്തിലെ മുനിസിപ്പൽ - കോർപ്പറേഷൻ ശുചീകരണ തൊഴിലാളികളുടെ ശമ്പള

പരിഷ്കരണ കാര്യവുംകൂടി Terms of reference-ൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കണമെന്നാണ് ഈ സഭയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. സംസ്ഥാനത്ത് 60 മുനിസിപ്പാലിറ്റികളിലും 5 മുനിസിപ്പൽ കോർപ്പറേഷനുകളിലുമായി കണ്ടിജന്റ് വിഭാഗത്തിൽ ആകെ 5111 തസ്തികകളാണ് നിലവിലുള്ളത്. പൊതുവഴികളുടെയും പൊതുസ്ഥലങ്ങളുടെയും വൃത്തിയാക്കൽ, ഓട, മാർക്കറ്റ്, അറവുശാല, പൊതുകക്കൂസ് എന്നിവയുടെ ശുചീകരണ പ്രവൃത്തികൾ, കൊതുകുനിവാരണ പ്രവൃത്തികൾ ഉൾപ്പെടെ ആരോഗ്യ ശുചീകരണ രംഗത്തെ വിവിധ പ്രവർത്തനങ്ങളുമാണ് നിർവ്വഹിക്കപ്പെടുന്നത്. Skilled workers, Sanitation workers എന്നിങ്ങനെ രണ്ട് കാറ്റഗറികളായിട്ടാണ് കണ്ടിജന്റ് വിഭാഗത്തിൽ തസ്തികകൾ അനുവദിച്ചിട്ടുള്ളത്. Skilled worker-മാരുടെ പ്രവേശന സ്കെയിൽ 8960-13210 എന്ന നിരക്കിലും Sanitation worker-മാരുടേത് 8730-12550 എന്ന നിരക്കിലുമാണ്. ഏറ്റവും കുറഞ്ഞ ശമ്പളം ഇപ്പോഴത്തെ നിരക്കിൽ 16,000/- രൂപയിൽ കൂടുതൽ വരുന്നു. ഈ ജീവനക്കാർക്ക് 8, 15, 22, 27 എന്നീ

വർഷത്തെ സർവ്വീസ് പൂർത്തിയാകുന്ന മുറയ്ക്ക് സമയബന്ധിത ഗ്രേഡുകൾക്ക് അനുസൃതമായ ഉയർന്ന ശമ്പളവും അനുവദിക്കുന്നുണ്ട്. അടിസ്ഥാന ശമ്പളത്തോടൊപ്പം കാലാകാലങ്ങളിൽ മറ്റ് സർക്കാർ ജീവനക്കാർക്ക് അനുവദിയ്ക്കുന്നതിനു തുല്യമായ ക്ഷാമബത്തയും അനുവദിച്ചുവരുന്നു. ഇതിനുപുറമെ, വീട്ടുവാടക അലവൻസ്, സിറ്റി കോമ്പൻസേറ്ററി അലവൻസ്, ആർജ്ജിത അവധി സറണ്ടർ, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, അർദ്ധവേതന അവധി, ഭവനനിർമ്മാണം, വാഹന വായ്പ, പെൻഷൻ എന്നീ ആനുകൂല്യങ്ങളും റെഗുലർ വിഭാഗം ജീവനക്കാർക്കുള്ളതിന് സമാനമായ രീതിയിൽ അനുവദിച്ചു വരുന്നുണ്ട്. കണ്ടിജന്റ് ജീവനക്കാർക്ക് മാത്രമായി പ്രതിമാസം സ്പെഷ്യൽ അലവൻസ് 75/- രൂപ, റിസ്ക് അവലൻസ് 100/- രൂപ എന്ന നിരക്കിലും അനുവദിക്കുന്നുണ്ട്. ചൂൽ അലവൻസ്, യൂണിഫോം അലവൻസ്, വിദ്യാഭ്യാസ അലവൻസ്, പ്രതിമാസം 400 ഗ്രാം സോപ്പ്, തുടങ്ങിയവ ഇപ്പോൾ നല്കുന്നുണ്ട്. കണ്ടിജന്റ് ജീവനക്കാർക്ക് ഫോട്ടോ പതിച്ച ഹെൽത്ത് കാർഡ് നല്കുന്നതിനും മൂന്നുമാസത്തിലൊരിക്കൽ മെഡിക്കൽ ചെക്കപ്പ് നടത്തുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. മൂന്നുമാസത്തിലൊരിക്കൽ ഇപ്രകാരം ചെയ്യണമെന്ന് ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ജോലി സുരക്ഷിതത്വത്തിന് ആവശ്യമായ ഗംബൂട്ട് മുതലായ സാമഗ്രികളും നഗരസഭകളിൽ

നിന്ന് സപ്ലൈ ചെയ്തുവരുന്നു. സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പളവും പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട ജീവനക്കാരുടെ സംഘടനകളുമായി 23.06.2015-ൽ യോഗം വിളിച്ച് ചേർക്കുകയും ബഹുമാനപ്പെട്ട മെമ്പർ അതിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട ജോലികളുമായി മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയോട് സമയബന്ധിതമായി ശിപാർശ സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും നടപടിയുണ്ടാകുമെന്നാണ് പ്രതീക്ഷ.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, വളരെ കൃത്യമായ ചോദ്യമാണ് ഞാൻ ചോദിക്കുന്നത്. അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം രേഖയിലുണ്ട്. പക്ഷെ, ഇതൊന്നും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും നടപ്പാക്കുന്നില്ല. അത് നടപ്പാക്കുന്നു എന്നുള്ളതിന്റെ ഗ്യാരന്റിയാണ് ഗവൺമെന്റ്. ആ ഗ്യാരന്റി ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകണം. അദ്ദേഹം പറഞ്ഞ ശമ്പളപരിഷ്കരണം സംബന്ധിച്ചും

വളരെ കൃത്യമായി ഞാൻ പറയുന്നു, അങ്ങു പറഞ്ഞതുപോലെ രണ്ടു മുതൽ ഏഴു വരെയുള്ള സ്കെയിൽ ബാധകമാക്കുമ്പോൾ സ്റ്റേജ് കട്ട് ചെയ്യുന്നു. അത് അങ്ങേയ്ക്ക് നന്നായറിയാം. അങ്ങനെ കട്ട് ചെയ്യാതെ ഇതരവിഭാഗം സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്നതുപോലെ ഈ രണ്ടു മുതൽ ഏഴു വരെയുള്ള സ്കെയിലുകൾ അതിന്റെ പൂർണ്ണ ദൈർഘ്യത്തിൽത്തന്നെ ഇവർക്കും ബാധകമാക്കാൻ തയ്യാറാകുമോ? ഒന്ന്, മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന ഗ്യാരന്റി ഗവൺമെന്റ് വരുത്തണം; രണ്ട്, ശമ്പളസ്കെയിൽ മുറിക്കരുത്.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> സർ, കഴിഞ്ഞ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളോടും കോർപ്പറേഷനുകളോടും അവർ ചെയ്യേണ്ടതായിട്ടുള്ള കാര്യങ്ങൾ കൃത്യമായി ചെയ്യാൻ വീണ്ടും ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അത് ഒന്നുകൂടി ആവശ്യപ്പെടും. രണ്ടാമത്, ശമ്പളപരിഷ്കരണത്തിന്റെ കാര്യത്തിലും സമയബന്ധിതമായി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അതും നമുക്ക് പരിഹരിക്കാൻ കഴിയും എന്നുതന്നെയാണ് പ്രതീക്ഷ. മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം കണ്ടിജന്റ് ജീവനക്കാർ വളരെ പ്രധാനപ്പെട്ടതാണ്. അവർ ഒരു ദിവസം ജോലിയെടുത്തില്ലെങ്കിൽ നഗരം വൃത്തികേടാകുന്ന സ്ഥിതി വരും. അത് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ്

സർക്കാർ പ്രവർത്തിക്കുന്നത്.